## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4026** 25.06.2014 -ൽ മറുപടിക്ക്

### സിസേറിയൻ പ്രസവങ്ങൾ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ 60% ത്തിലധികം പ്രസവങ്ങൾ സിസേറിയനിലൂടെയാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വർഷം (2013-14) സിസേറിയൻ ഓപ്പറേഷൻ 57648 (38%) എണ്ണം സർക്കാർ ആശുപത്രികളിൽ നടന്നിരുന്നു. സർക്കാർ ആശുപത്രികളിലെ സിസേറിയൻ നിരക്ക് 39% -ൽ നിന്നും 38% ആയിക്കുറയുകയാണുണ്ടായത്. |
| (ബി) സിസേറിയൻ പ്രസവങ്ങൾ കുറച്ചുകൊണ്ട് വരുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ? | (ബി) | സർക്കാർ ആശുപത്രികളിൽ 38% ശതമാനം സിസേറിയൻ പ്രസവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എറണാകുളം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് സ്വാഭാവിക പ്രസവങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മേഖലയിലും പ്രൈവറ്റ് മേഖലയിലുമുള്ള ഗൈനക്കോളജിസ്റ്റുകളെ ഉൾപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കുകയും അതിൽ ഉൾക്കൊണ്ട ആശയങ്ങളെ മുൻനിർത്തി സിസേറിയൻ നിരക്ക് കുറയ്ക്കുവാനുള്ള നടപടികൾ പ്രൈവറ്റ് മേഖലയിൽ ഉൾപ്പെടെ സ്വീകരിക്കുകയുണ്ടായി. കൂടാതെ 07.05.2011 -ലെ സ.ഉ.(സാധാ)നം.1791/2011/ആ.കു.വ. പ്രകാരം സിസേറിയൻ നിരക്ക് കുറച്ച് സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിലും നടത്തി വരുന്നു. പ്രസവം നടക്കുന്ന ആശുപത്രികളിലെ സൂപ്രണ്ടുമാർ അതാത് ആശുപത്രികളിൽ ഇന്റേണൽ ഓഡിറ്റ് നടത്തി ജില്ലാ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും ജില്ലാ അവലോകന യോഗങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത കാര്യം വിലയിരുത്തുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു) ഈ റിപ്പോർട്ടുകൾ വിലയിരുത്തു |

(....2)

കയും നിരക്ക് കുറയ്ക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർ വഴി എല്ലാ ആശുപത്രികളിലും നൽകി വരുകയും കൂടുതൽ സിസേറിയൻ നടക്കുന്ന സ്ഥാപനത്തിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ചെയ്യുന്നു. ഗർഭകാല പരിശോധന ഉപകേന്ദ്രങ്ങളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് വഴി നടക്കുന്ന സമയത്ത് സാധാരണ പ്രസവത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസും, കൗൺസിലിംഗും നടത്തി വരുന്നു. കൂടാതെ പത്രം, റേഡിയോ മാധ്യമങ്ങളിലൂടെയുള്ള ആരോഗ്യ സന്ദേശങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ തുടങ്ങിയവ എല്ലാ പഞ്ചായത്തിലും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ